കുറ്റങ്ങൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ.കണ്ടെത്തുകയും തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു:

പ്രസ്തുത ബാങ്ക് :

i. നിക്ഷേപങ്ങൾക്ക് എസ്.എ.എഫ്. പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വാഗ്ദാനം ചെയ്യുന്നതിനേക്കാൾ ഉയർന്ന പലിശനിരക്ക് വാഗ്ദാനം ചെയ്തു.
ii. ചില സന്ദർഭങ്ങളിൽ എസ്.എ.എഫ്. പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിയ്ക്കാതെ, പുതിയ വായ്പകൾക്കും മുൻകൂർ വായ്പകൾക്കും ബാധകമായ ഒറ്റ വായ്പാപരിധി ലംഘിച്ചു.
iii. ഓരോ ഉപഭോക്താവിനും ഒരേയൊരു ഉപഭോക്തൃ തിരിച്ചറിയൽ കോഡ് (UCIC) അനുവദിക്കുന്നതിനു പകരം, ചില ഉപഭോക്താക്കൾക്ക് ഒന്നിലധികം ഉപഭോക്തൃ തിരിച്ചറിയൽ കോഡുകൾ അനുവദിച്ചു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2025-2026/487**